പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ : 5486

06/07/2012-ൽ

മറുപടിയ്ക്കു്

**ക്ഷേത്ര ഉപദേശക സമിതികളെ തെരഞ്ഞെടുക്കുന്നതിന് നിയമാവലി**

<u>ചോദ്യം</u>

ശ്രീമതി പി. അയിഷാ പോറ്റി

<u>ഉത്തരം</u>

ശ്രീ. വി.എസ്. ശിവകുമാർ,

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും

വകുപ്പു മന്ത്രി.

| ചോദ്യം | ഉത്തരം |
| --- | --- |
| (എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള ക്ഷേത്രങ്ങളിൽ ക്ഷേത്ര ഉപദേശക സമിതികളെ തെരഞ്ഞെടുക്കുന്നതിന് നിയമാവലി പുതുക്കി നിശ്ചയിക്കുന്നതിനുളള നടപടികൾ ഏതു ഘട്ടത്തിലാണ് ; | (എ) തിരുവിതാംകൂർ ദേവസ്വം ബോർഡിൻെറ അധീനതയിലുള്ള ക്ഷേത്രങ്ങളിൽ ഉപദേശക സമിതികളെ തെരഞ്ഞെടുക്കുന്നതിന് നിയമാവലി തയ്യാറാക്കി 5/6/2012 -ൽ ഗസറ്റിൽ വിജ്ഞാപനം നടത്തുകയും ആയതുപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നുണ്ട്. |
| (ബി) നിലവിൽ ക്ഷേത്ര ഉപദേശക സമിതി രൂപീകരണം എപ്രകാര മാണ് നടത്തിവരുന്നത് ; | (ബി) ക്ഷേത്രാചാരങ്ങളിലും വിഗ്രഹാരാധനകളിലും വിശ്വാസമുള്ള ഹിന്ദുക്കളായ ഭക്തജനങ്ങൾക്ക് ദേവസ്വം ബോർഡ് നിഷ്കർഷിച്ചിട്ടുള്ള ഫോറത്തിൽ 100/- രൂപ പ്രവേശന ഫീസിനോടൊപ്പം അപേക്ഷ സമർപ്പിക്കാവുന്നതും, അപേക്ഷകൻ അംഗത്വം ലഭിക്കുന്നതിന് അർഹനാണെന്ന് കാണുന്ന പക്ഷം, അംഗത്വ കാർഡ് നൽകുന്നതുമാണ്. ഇപ്രകാരം അംഗത്വകാർഡ് ലഭിച്ചവരെ ഉൾപ്പെടുത്തി ദേവസ്വം കമ്മീഷണറുടെ അംഗീകാരത്തിന് വിധേയമായി ഉപദേശക സമിതി രൂപീകരിക്കുന്നതാണ്. ഉപദേശക സമിതിയിൽ 9-ൽ കുറയാത്ത അംഗസംഖ്യ ഉണ്ടായിരിക്കേണ്ടതും അംഗസംഖ്യ 15- ൽ കൂടാതിരിക്കുകയും വേണം. അസിസ്റ്റൻറ് കമ്മീഷണർ, സബ് ഗ്രൂപ്പാഫീസർ/അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എന്നിവർ സമിതിയിലെ സ്ഥിരാംഗങ്ങൾ ആയിരിക്കും. |
| (സി) തെരഞ്ഞെടുക്കപ്പെടുന്ന സമിതിയുടെ കാലാവധി എപ്രകാരമാണ്; | (സി) ഉപദേശക സമിതിയുടെ കാലാവധി ഡിപ്പാർട്ടുമെൻറ് അംഗീകരിച്ച തീയതി മുതൽ രണ്ട് വർഷക്കാലമായിരിക്കും. വികസന പ്രവർത്തനങ്ങളുടെ പേരിലോ, ഒഴിച്ചുകൂടാനാവാത്ത ചടങ്ങുകളുടെ പേരിലോ ഉപദേശക സമിതിയുടെ കാലാവധി ഒരു വർഷം കൂടി ദേവസ്വം കമ്മീഷണർക്കും, വീണ്ടും ഒരു വർഷംകൂടി ദേവസ്വം ബോർഡിനും ദീർഘിപ്പിച്ചുനൽകാവുന്നതാണ്. എന്നാൽ ഉപദേശക സമിതിയുടെ കാലാവധി 2 വർഷത്തിൽ കൂടുതൽ ദീർഘിപ്പിച്ചു നൽകുവാൻ പാടുള്ളതല്ല. |

| | | | |
|---|---|---|---|
| (ഡി) | ക്ഷേത്ര ഉപദേശക സമിതികളുടെ ചുമതലകളും കർത്തവ്യങ്ങളും എന്തെല്ലാമാണെന്ന് വിശദമാക്കുമോ ? | (ഡി) | ക്ഷേത്രത്തിൻെറയും, വിശ്വാസികളുടെയും പുരോഗതിക്ക് വേണ്ടി പ്രവർത്തിക്കുക, ക്ഷേത്രാചാരങ്ങളും, പൂജാക്രമങ്ങളും ശാസ്ത്രവിധി പ്രകാരം നടത്തുന്നതിന് സഹായകരമായ നിലപാടുകൾ സ്വീകരിക്കുക, ക്ഷേത്രത്തിൻെറ പ്രശസ്തിക്കും പുരോഗതിക്കും അഭിവൃദ്ധിക്കും വേണ്ടി പദ്ധതികൾ ആവിഷ്കരിക്കുകയും, ബോർഡിൽ സമർപ്പിക്കുകയും, ആയവ ബോർഡിൻെറ അനുവാദത്തോടുകൂടി പ്രായോഗികമാക്കുക, ക്ഷേത്ര ഉത്സവം, ചിറപ്പ്, ആട്ടവിശേഷം എന്നിവ ഡിപ്പാർട്ടുമെൻറിൻെറ അനുമതിയോടുകൂടി ഭംഗിയായും, ചിട്ടയായും നടത്തുക, ക്ഷേത്ര ദർശനത്തിന് എത്തുന്ന ഭക്തജനങ്ങൾക്ക് വേണ്ടി സൗകര്യങ്ങൾ ഒരുക്കുന്നതിന് ക്ഷേത്ര അധികാരികളെ സഹായിക്കുക, മനുഷ്യനന്മക്ക് വേണ്ട സൗകര്യങ്ങൾ ഒരുക്കുന്നതിന് ക്ഷേത്ര അധികാരികളെ സഹായിക്കുക, മനുഷ്യനന്മക്ക് ഉതകുന്ന വിധത്തിൽ സനാതന ധർമ്മങ്ങൾ പ്രചരിപ്പിക്കുക, ധ്യാനയോഗങ്ങൾ, നാമജപം, വിശേഷാൽ പൂജകൾ, ഭക്തി പ്രഭാഷണങ്ങൾ എന്നിവ ഡിപ്പാർട്ടുമെൻറ് അനുമതിയോടെ സംഘടിപ്പിക്കുക, ഭക്തജനങ്ങൾക്ക് അന്നദാനം തുടങ്ങിയ സേവനം നടത്തുക, ക്ഷേത്ര പരിസരം ശുചിയായി സൂക്ഷിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുക, ക്ഷേത്ര സംബന്ധമായ പ്രവർത്തനങ്ങളും, ഉത്സവാദി അടിയന്തിരങ്ങളും, സുഗമമാക്കുന്നതിന് ഡിപ്പാർട്ടുമെൻറ് അനുമതിയോടെ മാത്രം സംഭാവനകൾ, ഇഷ്ടദാനം എന്നിവ ഭക്തജനങ്ങളിൽ നിന്നും സമാഹരിക്കുക എന്നിവയാണ് ക്ഷേത്ര ഉപദേശക സമിതികളുടെ ചുമതലകളും കർത്തവ്യങ്ങളുമായി നിഷ്കർഷിച്ചിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ